**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**14.01.2015 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു.നഗരകാര്യവകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിത രായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സുലേഖ പ്ലാൻ മോണിറ്ററിംഗ് പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം എല്ലാ വിഭാഗം ഫണ്ടുകളും ഇതുവരെ ആകെ 2201കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ 1250 കോടി രൂപയാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ 284 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 343 കോടി രൂപയും ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 184കോടി രൂപയും കോർപ്പറേഷനുകൾ 138 കോടി രൂപയും ആണ് ചെലവഴിച്ചത്. വികസന ഫണ്ടിനെ സംബന്ധിച്ചിടത്തോളം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി ആകെ 1717.76 കോടി രൂപയാണ് ഇതുവരെ ചെലവിട്ടത്. ബഡ്ജറ്റ് വിഹിതം 4209.33 കോടി രൂപയും മുൻ നീക്കിയിരുപ്പ് 1139.67 കോടി രൂപയും ഉൾപ്പെടെ ആകെ 5349 കോടി രൂപയാണ് സംസ്ഥാന തലത്തിലുള്ളത്. ചെലവിന്റെ ശതമാനം 32.11 ആണ്. ഗ്രാമപഞ്ചായത്തുകൾ 929.75 കോടി രൂപയും (34.01 ശതമാനം), ബ്ലോക്ക് പഞ്ചായത്തുകൾ 256.79 കോടി രൂപയും (37.89 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 262.52 കോടി രൂപയും (30.66 ശതമാനം) മുനിസിപ്പാലിറ്റികൾ 153.61 കോടി രൂപയും (27.73 ശതമാനം), കോർപ്പറേഷനുകൾ 115.09 കോടി രൂപയും (21.82 ശതമാനം) ആണ് ചെലവഴിച്ചത്.

**2.2. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നടത്തിപ്പ്**

**(ഫയൽ നം. 69812/ഡി.ബി.3/14/തസ്വഭവ)**

പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശസ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്വമായിക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3 ശതമാനത്തിൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതാണ്. ഇലക്ട്രിക് പ്രവൃത്തികളുടെ സാങ്കേതികാനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയിലെ

ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവർക്ക് എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം ഹോണറേറിയം ആയി നൽകേണ്ടതുമാണ്.

2.3 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ ചില സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളും ഗവൺമെന്റ് അംഗീകൃത സ്ഥാപന ങ്ങളും ഇക്കൂട്ടത്തിൽ ഉണ്ട്. സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ മേൽ പറഞ്ഞ ചില സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി കോഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതിപ്പെ ടുത്താൻ തീരുമാനിച്ചു. അങ്ങനെയല്ലാത്ത സാമഗ്രികൾ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. തെരുവുവിളക്കുകളുടെ മെയിന്റനൻസിന് ക്രൂസ് മുഖേന സാധനസാമഗ്രികൾ വാങ്ങാമെന്ന ഉത്തരവ് തുടരേണ്ടതാണ്.
തദ്ദേശഭരണ സ്ഥാപനങ്ങൾ വികലാംഗർക്കുവേണ്ടി മുച്ചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഉപകരണങ്ങളും വികലാംഗക്ഷേമ കോർപ്പറേഷൻ നിശ്ചയിച്ച നിരക്കിൽ അധികരിക്കാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ മുഖേന വാങ്ങാൻ യോഗം തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റ്**

2015 ജനുവരി 29,30 തീയതികളിൽ തൃശൂർ ചിൽഡ്രൻസ് ഹോമിൽ സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റിന്റെ നടത്തിപ്പിന് തൃശൂർ ജില്ലയിലെ കോർപ്പറേഷൻ, മുനിസിപ്പാ ലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ യഥാക്രമം 25000 രൂപ, 10000 രൂപ, 5000 രൂപ തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി, മാതമംഗലം വ്യവസായ എസ്റ്റേറ്റിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിക്കുന്ന പ്ലാസ്റ്റിക് സംസ്ക്കരണ പ്ലാന്റിന്റെ ആവശ്യത്തിന് 8.5 ലക്ഷം രൂപ വകയിരുത്തി വാഹനം വാങ്ങുന്ന പ്രോജക്ടിന് അംഗീകാരം നൽകണമെന്ന പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകി തീരുമാനിച്ചു.

(നടപടി പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15 മണിക്ക് അവസാനിച്ചു.)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 ജനുവരി 21ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***

********